# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3192 — 28.01.2014-ൽ മറുപടിയ്ക്ക്

## തലസ്ഥാനത്തെ മോണോ റെയിൽ പദ്ധതി

**ചോദ്യം**

**ശ്രീ. കെ.മുരളീധരൻ**
**,, എം.എ.വാഹിദ്**
**,, വർക്കല കഹാർ**
**,, എ.റ്റി.ജോർജ്**

(എ) തലസ്ഥാനത്ത് മോണോറെയിൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

**മറുപടി**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ) & (ബി) :**

തലസ്ഥാനത്ത് മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (MRTS) നടപ്പിലാക്കുന്നതിന്റെ സാധ്യതാ പഠനം നടത്തുന്നതിനായി നാറ്റ്പാകിനെ സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി. വിശദമായ സാധ്യതാപഠനത്തിനുശേഷം പള്ളിപ്പുറം മുതൽ നെയ്യാറ്റിൻകര വരെ രണ്ട് ഘട്ടമായി മോണോറെയിൽ സ്ഥാപിക്കുന്നതിന് നാറ്റ്പാക് ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഡി.എം.ആർ.സി സമർപ്പിക്കുകയും ചെയ്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ടമായി ടെക്നോസിറ്റി മുതൽ കരമന വരെ 22.2 കി.മീ ദൈർഘ്യത്തിൽ നിലവിലുള്ള ദേശീയപാതയുടെ മധ്യ ഭാഗത്തുകൂടി ഏകദേശം 5.5 മീറ്റർ ഉയരത്തിൽ എലിവേറ്റഡ് കോറിഡോർ മാതൃകയിലാണ് മോണോറെയിൽ വിഭാവനം ചെയ്തിട്ടുള്ളത്. നിർമ്മാണം പൂർത്തിയാകുമ്പോൾ പദ്ധതിയുടെ മതിപ്പ് ചെലവ് ഏകദേശം 3590 കോടി രൂപയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിക്കുവേണ്ടി ഏകദേശം 13.03 ഹെക്ടർ സർക്കാർ ഭൂമിയും 2.82 ഹെക്ടർ സ്വകാര്യ ഭൂമിയുമാണ് ആവശ്യമായി വരുന്നത്. 30.05.2013-ലെ സ.ഉ.(എം.എസ്) നം.44/2013/പൊ.മ.വ പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ

| | |
|---|---|
| | നടത്തിപ്പിനായി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി ഡി.എം.ആർ.സി യെയാണ് നിയമിച്ചിട്ടുള്ളത്. പദ്ധതി നടപ്പാക്കുന്നതിനായി ഡി.എം.ആർ.സി ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതിക്കുവേണ്ടി ടെണ്ടർ ക്ഷണിച്ചപ്പോൾ മത്സര സ്വഭാവമുള്ള ടെണ്ടർ ലഭിക്കാത്തതിനെ തുടർന്ന് ഡി.എം.ആർ.സി വീണ്ടും ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി 2014 മാർച്ച് ആണ്. |
| (സി) നിർമ്മാണത്തിന് ഏത് ഏജൻസിയാണ് മേൽനോട്ടം വഹിക്കുന്നത് ; വിശദമാക്കുമോ ; | (സി) പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ ഡി.എം.ആർ.സി യാണ് പദ്ധതിയുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നതും, ഗുണനിലവാരം ഉറപ്പാക്കുന്നതും. |
| (ഡി) ഇതിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് സമാഹരണം ഉറപ്പാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**